# കരയോഗ സൗഹൃദം

സത്യം പരം ധീമഹി
Rs. 6
മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം
Pages - 40
വാല്യം - 5 ലക്കം - 7 ആഗസ്റ്റ് - 2012



**ടി.ഡി.എം. ഹാൾ - യമുന (a/c)**



## എറണാകുളം കരയോഗത്തിന്റെ ഓണാശംസകൾ



എറണാകുളം കരയോഗം സംഘടിപ്പിച്ച രാമായണതത്വവിചാരം ബഹു. ഹൈക്കോടതി ജഡ്ജി തോട്ടത്തിൽ രാധാകൃഷ്ണൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. ഫാദർ റൂബി കണ്ണൻചിറ, സ്വാമി അദ്ധ്യാനന്ദജി, കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ എന്നിവർ



ടി.ഡി.എം. യമുന ഹാളിൽ ഗണപതിഹോമം, സുദർശനഹോമം, നവഗ്രഹപൂജ, ഭഗവതിസേവ തന്ത്രി പുലയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമികത്വത്തിൽ നടന്നു.




രാമായണ തത്വവിചാരപ്രഭാഷണം സ്വാമി അദ്ധ്യാത്മാനന്ദജി നടത്തുന്നു.



എറണാകുളം കരയോഗത്തിൽ ശ്രീ. എൻ.ടി. കാർത്തികേയന്റെ നേതൃത്വത്തിൽ നടന്ന സമ്പൂർണ്ണ രാമായണപാരായണം

വാല്യം 5 ❖ ലക്കം - 7 ❖ ആഗസ്റ്റ് - 2012

## ഉള്ളടക്കം

എഡിറ്റോറിയൽ
ക്ഷേത്രങ്ങളിലൂടെ
വിശേഷ ദിവസങ്ങൾ
വ്യക്തിവിശേഷം
കാര്യദർശിയുടെ പംക്തി
ഹനുമൽ കഥകൾ
വാസ്തു സംബന്ധമായ...
ആദരാഞ്ജലി
ശ്രീപദ്മനാഭസ്വാമിക്ഷേത്രം
അറുപതു തികഞ്ഞ ഇന്ത്യൻ പാർലമെന്റ്
താളച്ചേലുകൾ
ഗോഡ്സ് ഓൺ കൺട്രീ കേരളം
നവഗ്രഹ ക്ഷേത്രദർശനം
എറണാകുളം കരയോഗം വിമൻസ് ഫോറം
ചാരിറ്റി പ്രവർത്തനങ്ങൾ - സംഭാവന
എൽഡർ സിറ്റിസൺ ഫോറം
സുഭാഷിതം
നവരാത്രി മത്സരങ്ങൾ
നക്ഷത്രഫലം
മാംഗല്യം

**പത്രാധിപസമിതി**

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിററർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിററർ)*

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ.വി. രാമചന്ദ്രൻ**

**കെ. ആർ. സുധാകരൻപിള്ള**

# എഡിറ്റോറിയൽ...

## സംവരണം

1857 മുതൽ 1947 ഓഗസ്റ്റ് 15 വരെ വിഘടനവാദികളെ മാറ്റിനിർത്തിയാൽ ഭാരതം ഒറ്റക്കെട്ടായിരുന്നു. സ്വാതന്ത്ര്യ തൃഷ്ണയിൽ , ഭാരതീയർ മുഴുവനും, ഒരേ ആവേശത്തോടു കൂടി, ഒരേ ആശയത്തിനു വേണ്ടി, ഒരേ ലക്ഷ്യത്തിലേയ്ക്ക് പ്രയാണം ചെയ്തു. ആ മുന്നേറ്റത്തിൽ ജനത ഒറ്റക്കെട്ടായിരുന്നു; ജാതിയുടേയും മതത്തിൻെറയും അതിർവരമ്പുകളില്ലാതെ, ഭാരതം ഭാരതീയനെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിച്ചുകൊണ്ട്, മുഷ്ടി ചുരുട്ടി, വിരി മാറ് കാട്ടി, അഭിമാനപുരസ്സരം രണാങ്കണത്തിനിറങ്ങിയ വരായിരുന്നു അവർ. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ആ ഐക്യം, ആ ഏകതാ ഭാവം, അത് നിലനിർത്തുവാൻ നമുക്ക് കഴിഞ്ഞോ; ഇല്ല എന്നുള്ളതാണ് വാസ്തവം. എന്തുപറ്റി നമ്മുടെ ഐക്യത്തിന് വിദേശികൾ തുടങ്ങി വച്ച, വിഭജിച്ച് ഭരിക്കുക എന്ന തത്വം സ്വാതന്ത്ര്യ ലബ്ധിക്കു ശേഷവും തുടർന്നതല്ലെ ഭാരതീയ ഐക്യത്തിൻെറ കടയ്ക്കൽ കത്തിവച്ചത്. ജാതിയുടേയും, മതത്തിൻേറയും അടിസ്ഥാനത്തിൽ ഉള്ള വിവേചനം സർക്കാർ തലത്തിൽ ഉണ്ടാവാൻ പാടില്ല എന്ന ഉന്നതനീതിപീഠത്തിൻെറ കല്പനയെപ്പോലും മറികടക്കുവാൻ നമ്മുടെ രാഷ്ട്രീയ നേതൃത്വം തയ്യാറായതിൻെറ പരിണതഫലമാണ് ഭരണഘടനയിലെ 15 ാം വകുപ്പിലെ 4 ാം ഉപവകുപ്പ്. സാമൂഹ്യമായും, സാമ്പത്തികമായും, പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ ഒരു നിശ്ചിത ശതമാനം ജോലി സംവരണം ചെയ്യുന്നതാണ് ആ വകുപ്പ്. എന്നാൽ സാമൂഹ്യമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർ എന്നതിന് ജാതി മാനദണ്ഡം നൽകിയത് രാഷ്ട്രീയമായ ദുഷ്ടലാക്കോടു കൂടി ആയിരുന്നില്ലേ എന്ന് സംശയിക്കാതിരിക്കുന്നത് എങ്ങനെ. അന്ന് തുടങ്ങി ജനങ്ങൾ തമ്മിലുള്ള അകൽച്ച. രാഷ്ട്രീയ ലാഭത്തിനു വേണ്ടിയെന്നുതന്നെ ഇതിനെ സംശയിക്കേണ്ടിയിരിക്കുന്നു, ഈ ജോലി സംവരണം മറ്റ് പല വിഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. അത് ഹൈന്ദവർക്കിടയിൽ മാത്രം എന്ന് വ്യാഖ്യാനിച്ചിരുന്നെങ്കിലും സംഘടിത വോട്ട് ബാങ്കിനു വേണ്ടി അതും മാറ്റി മറിച്ചു.

ഇന്നത്തെ അവസ്ഥ എന്താണ്? റേഷനരി മുതൽ മന്ത്രിക്കസേര വരെ ജാതിയുടേയും മതത്തിൻേറയും അടിസ്ഥാനത്തിൽ വീതിച്ചു നൽകുകയാണിവിടെ. പ്രഖ്യാപിതവും, അപ്രഖ്യാപിതവുമായ സംവരണമാണ് എല്ലാ മേഖലകളിലും നടക്കുന്നത്. നടപ്പാക്കിയിട്ട് 60 വർഷം കഴിഞ്ഞിട്ടും കാര്യമായ ഫലമൊന്നും ലഭിച്ചിട്ടില്ല എന്നാണ് ഇന്നും സർക്കാർ പറയുന്നത്. എങ്കിൽ തീർച്ചയായും ഫലപ്രദമല്ലാത്ത ഈ സംവരണ രീതി പുനഃ പരിശോധിക്കേണ്ടതല്ലേ? പരാജയമെന്ന് ബോധ്യമായിട്ടും എന്തേ ഈ സമ്പ്രദായം അനന്തമായി നീട്ടിക്കൊണ്ട് പോകുന്നത്?

നിലവിലുള്ള സംവരണരീതി അനുസരിച്ച് ചില പ്രത്യേക വിഭാഗങ്ങളിലെ ഉന്നത ശ്രേണിയിൽ വിഹരിക്കുന്നവരുടേയും, ഭരണസ്വാധീനവും, രാഷ്ട്രീയ സ്വാധീനവും, സാമ്പത്തിക മേൽക്കോയ്മയും ഒക്കെയുള്ളവരുടെ കുടുംബാംഗങ്ങൾക്കാണ് ഇന്ന് ഈ സംവരണത്തിൻെറ പ്രയോജനം ഏറിയ കൂറും ലഭിക്കുന്നത്. അർഹതപ്പെട്ടവർക്ക് സംവരണത്തിൻെറ പ്രയോജനം ലഭിക്കണമെന്നുണ്ടെങ്കിൽ നിലവിലുള്ള സംവരണ രീതിക്ക് സമൂലമായ മാറ്റം വരുത്തണം. ജാതിയുടേയും മതത്തിൻേറയും അടിസ്ഥാനത്തിലുള്ള വേർതിരിവുകൾ അവസാനിപ്പിച്ച്, യഥാർത്ഥ പാവങ്ങൾക്ക്, ജീവിക്കുവാൻ പാടുപെടുന്നവർക്ക് വേണ്ടി മാത്രമായി സംവരണം നിജപ്പെടുത്തുക. കോടീശ്വരന്മാരുടേയും, സമൂഹത്തിൽ ഉന്നതങ്ങളിൽ വിഹരിക്കുന്നവരുടേയും ആശ്രിതർക്ക് ജാതി / മതാധിഷ്ഠിതമായി വീണ്ടും ആനുകൂല്യങ്ങൾ നൽകുന്നത് അവസാനിപ്പിക്കുക. ജാതിയുടെയും, മതത്തിൻെറയും അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകുന്നതുകൊണ്ട് ജനങ്ങൾ ജാതിയുടേയും, മതത്തിൻെറയും അടിസ്ഥാനത്തിൽ സംഘടിക്കുന്നു. അതുകൊണ്ട് തന്നെ ജനങ്ങൾ പലതട്ടുകളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇത് നമ്മുടെ നാടിൻെറ ഭാവിയ്ക്ക് ദോഷകരമായി ഭവിച്ചേയ്ക്കാം. അതുകൊണ്ട്, രാഷ്ട്രീയ ലാഭം നോക്കാതെ യഥാർത്ഥത്തിൽ അർഹതയുള്ള സാധുക്കളുടെ കരങ്ങളിലേയ്ക്ക് സംവരണത്തിൻെറ ആനുകൂല്യം എത്തിക്കുവാൻ എന്ന് തുടങ്ങുന്നുവോ അന്ന് മാത്രമായിരിക്കും നാടിൻെറ ഐക്യത്തിനു വേണ്ടിയുള്ള ശ്രമത്തിൻെറ തുടക്കം കുറിക്കുക.

**കെ.പി. കൃഷ്ണമേനോൻ**
*മാനേജിങ്ങ് എഡിറ്റർ*

# തൃക്കാക്കര മഹാദേവക്ഷേത്രം



***വാ***മനദേവന്റെ തൃക്കാൽ പതിഞ്ഞ സ്ഥലമാണ് തൃക്കാൽക്കരയും പിന്നീട് തൃക്കാക്കരയും ആയിട്ടുള്ളതെന്ന് പറയുന്നു. 2000 ൽ പരം വർഷങ്ങൾക്കു മുമ്പ്കപിലമഹർഷിയാൽ പ്രതിഷ്ഠിതമായ ക്ഷേത്രത്തിൽ എട്ട് ഊരാഴ്മക്കാരും നാല് കാരാഴ്മക്കാരും ഉണ്ടായിരുന്നു. അമ്പത്തിയാറ് രാജാക്കൻമാർ ചേർന്ന് ഇരുപത്തിയെട്ട് ദിവസത്തെ ഉത്സവം നടത്തിയിരുന്ന ക്ഷേത്രത്തിന്റെ പൂർവ്വപ്രതാപകാല സുവർണ്ണഘട്ടത്തെപ്പറ്റി ഊഹിക്കാവുന്നതേയുള്ളു. ഈ പ്രതാപകാലത്ത് തിരുവനന്തപുരത്ത് മുറജപം കഴിഞ്ഞ് ഒരു നമ്പൂതിരി അവിടുന്ന് സമ്മാനമായി ലഭിച്ച വെള്ളിയിൽ പണിത ഒരു കദളിക്കുലയുമായി ഇവിടെയെത്തി. പ്രസ്തുത കുല മണ്ഡപത്തിൽ വച്ച് കുളത്തിലേയ്ക്ക് പോയി കുളിയും കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ വെള്ളിക്കുല കാണാനില്ലായിരുന്നു. ഇദ്ദേഹം കുല മണ്ഡപത്തിൽ വച്ച സമയത്ത് ബ്രഹ്മചാരിയായ ഒരു ബ്രാഹ്മണശ്രേഷ്ഠൻ മണ്ഡപത്തിലിരുന്ന് ജപിക്കുന്നുണ്ടായിരുന്നു. കുലാപരഹരണത്തെപ്പറ്റി നമ്പൂതിരിയുടെ വാക്കുകളെ ശ്രവിച്ച ഊരാഴ്മക്കാരും മൂന്ന് കാരാഴ്മക്കാരും കൂടി ചേർന്ന് ജപത്തിൽ മുഴുകിയിരുന്ന ബ്രാഹ്മണശ്രേഷ്ഠനെ അതിരുകടന്ന വിധം ഭേദ്യം ചെയ്തു. ശാരീരികവും മാനസികവുമായി പീഡിപ്പിക്കപ്പെട്ട ഇദ്ദേഹം അതിദുഃഖത്തോടെ ഇനി മുതൽ ഇവിടെ ഇല്ലിവാതിലും, കൊള്ളിവിറകും, ആഞ്ഞിലിപ്ലാവിലയിൽ നിവേദ്യവുമായി ഭവിക്കട്ടെയെന്ന് ശപിച്ചു. അന്ന് ബ്രാഹ്മണശ്രേഷ്ഠനെ ഉപദ്രവിക്കാതെ മാറിനിന്ന ഒരു കാരാഴ്മ അവകാശിയുടെ പിൻതലമുറക്കാർ ഇന്നും ഇവിടെയുണ്ട്. ശാപത്തിൽ നിന്നും മോചിതമായ ക്ഷേത്രത്തിൽ 1148 മിഥുന മാസത്തിൽ പുനഃപ്രതിഷ്ഠയും കലശവും നടത്തുകയുണ്ടായി.

ചിങ്ങമാസത്തിലെ അത്തം നാളിൽ ചെമ്പുധ്വജത്തിൽ കൊടിയേറ്റി ഉത്സവം ആരംഭിച്ച് തിരുവോണത്തിന് ആറാട്ടു നടത്തുന്ന ക്ഷേത്രസന്നിധിയിൽ വച്ച് തിരുവോണനാളിൽ ആയിരക്കണക്കിന് ഭക്തൻമാർ പങ്കെടുക്കുന്ന തിരുവോണ സദ്യയും നടത്തുന്നു. അഷ്ടമിരോഹി ണിയും, ധനുമാസതിരുവാതിരയും, ശിവരാത്രിയും ആഘോഷപൂർവ്വം കൊണ്ടാടുന്നു.

ഇവിടെ മതിലിനു വെളിയിൽ മറ്റൊരു ശ്രീകോവിലിനുള്ളിൽ മഹാബലിയുടെ ഉപാസനമൂർത്തിയായിരുന്ന ഗൗരിശങ്കരമൂർത്തി പ്രതിഷ്ഠയും ഉണ്ട്. ഇതിന് കിഴക്കു പുറത്ത് മഹാബലിയെ സങ്കല്പിച്ചുള്ള ഒരു ആസ്ഥാനവുമുണ്ട്. കരങ്കല്ലിൽ വൃത്താകൃതിയിൽ പണിത് ചെമ്പുമേഞ്ഞ ശ്രീകോവിലിനുള്ളിൽ വാമനരൂപത്തിലുള്ള പ്രതിഷ്ഠ നിലക്കൊള്ളുന്നു. നമസ്കാരമണ്ഡപം, വലിയമ്പലം, തിടപ്പള്ളി, നാലമ്പലം, ആനപ്പന്തൽ, ചുറ്റുമതിൽ തുടങ്ങി ക്ഷേത്രഭാഗങ്ങളുള്ള സന്നിധിയിൽ രണ്ട് കുളങ്ങളും ഉണ്ട്. ദാനോദപൊയ്ക എന്നറിയപ്പെടുന്ന ആറാട്ടുകുളവും, മറ്റൊന്ന് കപിലമഹർഷിയുടെ കമണ്ഡലുവിൽനിന്ന് തീർത്ഥംപതിച്ച സ്ഥലത്തുണ്ടായ കപിലതീർത്ഥക്കുള വുമാണ്. ഗണപതി, സുബ്രഹ്മണ്യൻ, പാർവ്വതി, ദുർഗ്ഗ എന്നീ ഉപപ്രതിഷ്ഠകളുണ്ട്. വാമനാവതാരം വിശ്വരൂപത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഈ ക്ഷേത്രം കണയന്നൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്നു. എറണാകുളത്ത് ഇടപ്പള്ളി ടോൾ ജംഗ്ഷനിൽനിന്ന് കിഴക്കോട്ട് എട്ട് കിലോമീറ്റർ സഞ്ചരിച്ചാൽ ഈ ക്ഷേത്രത്തിൽ എത്താം. ●

## വിശേഷ ദിവസങ്ങൾ

**ഓഗസ്റ്റ് 14 മുതൽ സെപ്റ്റംബർ 14 വരെ**

| | | |
|---|---|---|
| ഓഗസ്റ്റ് | 15 | ഇൻഡ്യൻ സ്വാതന്ത്ര്യദിനം, കരയോഗം ഓണംഫെയർ ആരംഭം |
| | 17 | ആണ്ടുപിറപ്പ് |
| | 20 | കൽക്കി അവതാരം |
| | 21 | വിനായക ചതുർത്ഥി, അത്തച്ചമയം |
| | 28 | ഒന്നാം ഓണം, വാമനജയന്തി, കരയോഗം ഓണം ഫെയർ സമാപനം |
| | 29 | തിരുവോണം |
| | 31 | ശ്രീ നാരായണഗുരുജയന്തി |
| സെപ്റ്റംബർ | 8 | ശ്രീകൃഷ്ണജയന്തി, രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അഷ്ടമിരോഹിണി മഹോത്സവം |

## വൈലോപ്പിള്ളി ശ്രീധരമേനോൻ (1911 – 85)

**അ**ഗണ്യമെന്നു കരുതുന്ന വസ്തുക്കളിൽ പോലും സത്യവും സൗന്ദര്യവും ദർശിച്ച പ്രതിഭയാണ് വൈലോപ്പിള്ളി ശ്രീധരമേനോന്റേത്. വികാരത്തിൽ ചാലിച്ച ചിന്തയും ഭാവനയും ആ കാവ്യധാരയ്ക്ക് രൂപം നൽകുന്നു. വിജിഗീഷുവായ മൃത്യുവിന് ജീവിതത്തിൽ വിവിധ മണ്ഡലങ്ങളിൽ നിന്നാർജ്ജിച്ച വൈകാരികവും വൈചാരികവുമായ അനുഭൂതികൾക്ക് പൂർണ്ണത വന്നുവെന്ന ഉറച്ചവിശ്വാസം വന്നാലെ സ്വസങ്കൽപ്പങ്ങൾക്ക് കാവ്യരൂപം നൽകാറുള്ളു. ശൈശവലാവണ്യവും മാതൃത്വഭാവനയും വൈലോപ്പിള്ളി കവിതയിൽ നല്ലൊരു പങ്ക് കവർന്നെടുത്തിട്ടുണ്ട്. മാമ്പഴത്തിന്റെ കർത്താവായ, പക്വമധുരമായ ജവിതത്തിന്റെ പ്രകാശരേണുക്കൾ പകർത്താൻ കഴിഞ്ഞ വൈലോപ്പിള്ളി, മലയാളത്തിലെ കവിസാർവ്വഭൗമൻമാരിൽ അഗ്രഗണ്യനാണ്. അപൂർവ്വശക്തനായ ഈ കവി ആലസ്യത്തിലാണ്ടു കിടക്കുന്നവരെ പ്രവർത്തനസജ്ജരാക്കുകയും അവരെ കർമ്മോൻമുഖരാക്കി രണാങ്കണത്തിലയയ്ക്കുക മുഖ്യ കവി ധർമ്മമായും കരുതി. 1911 മെയ് 11 ന് ജനിച്ചു. പിതാവ് കൊച്ചുകുട്ടൻ കർത്താവ്. മാതാവ് നാണുക്കുട്ടിയമ്മ. മഹാരാജാസ് കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാ രചനയിൽ അഭിരുചി പ്രകടമാക്കിയിരുന്നു. മൂന്നു പതിറ്റാണ്ടിലേറെക്കാലം ജീവശാസ്ത്ര അദ്ധ്യാപകനായിരുന്നു. ഹൈസ്ക്കൂൾ അദ്ധ്യാപികയായ ഭാനുമതിയമ്മയാണ്പത്നി. രണ്ടു മക്കളാണുള്ളത്. ശ്രീകുമാറും വിജയകുമാറും. കന്നിക്കൊയ്ത്ത്, ശ്രീരേഖ, കുടിയൊഴിയ്ക്കൽ, ഓണപ്പാട്ടുകൾ, വിത്തും കൈക്കോട്ടും, കടൽക്കാക്കകൾ, കയ്പവല്ലരി, വിട എന്നിവയാണ് കൃതികൾ. സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ്, കേന്ദ്ര കേരളസാഹിത്യ അക്കാദമി അവാർഡുകൾ എസ്.പി. സി.എസ്, വയലാർ അവാർഡ്, മദിരാശി ഗവൺമെന്റ് അവാർഡ്

(ശേഷം അടുത്ത പേജിൽ)

# എല്ലാവർക്കും ഓണാശംസകൾ

**പ്രി**യ കരയോഗാംഗങ്ങളെ,

66ാം സ്വാതന്ത്ര്യദിനത്തിൽ ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ എല്ലാ ധീരദേശാഭിമാനികളെയും ആദരപൂർവ്വം സ്മരിയ്ക്കുന്നു.

നൻമയുടെയും, സ്നേഹത്തിന്റെയും, ആഘോഷത്തിന്റെയും, പൂക്കളുടെയും മധുരസ്മരണകൾ ഉണർത്തി ഒരു ഓണവും കൂടി നമ്മുടെ മുന്നിലെത്തുകയായി. അത്തം മുതൽ പത്തു നാൾ കേരളവും, ലോകത്തെമ്പാടുമുള്ള മലയാളികളും ഓണാഘോഷത്തിന്റെയും, ഓണസദ്യയുടേയും തിരക്കിലാവുകയാണ്.

"മാവേലി നാടു വാണീടും കാലം,
മാനുഷരെല്ലാരും ഒന്നു പോലെ,
കള്ളവുമില്ല ചതിയുമില്ല,
എള്ളോളമില്ല പൊളിവചനം"

എന്ന എത്ര മനോഹരമായ സുന്ദരസ്മരണകളെ ഓർമ്മിക്കുവാനും, താലോലിക്കുവാനുമെങ്കിലും ഓരോ ഓണവും നമുക്ക് പ്രതീക്ഷകൾ നൽകുന്നു. സ്വജനപക്ഷപാതത്തിന്റെയും, വഞ്ചനയുടേയും സത്യവിരുദ്ധ പ്രവർത്തനങ്ങളുടേയും സാമൂഹ്യ അനീതിയുടേയും നടുവിൽ ജീവിക്കുന്ന നമുക്ക് മേൽപറഞ്ഞ സുന്ദരമായ ഒരു ലോകത്തെയും, സമൂഹത്തെയും, ആ ലോകത്ത് ജീവിച്ച ജനതയെയും സ്വപ്നം കണ്ടുകൊണ്ട് ഇതുപോലെ ഒരു നാൾ വരും എന്ന് പ്രതീക്ഷയോടെ, മുന്നോട്ട് പോകാം.

സമൃദ്ധിയുടേയും, ഐശ്വര്യത്തിന്റേയും, സമ്പത്തിന്റെയും, സമാധാനത്തിന്റെയും നല്ല നാളുകൾ ഉണ്ടാവട്ടെ എന്ന് ഗുരുവായൂരപ്പനോട് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ഓണാശംസകൾ നേരുന്നു.

എറണാകുളം കരയോഗം ഗോൾഡൻ ജൂബിലി ബിൽഡിംഗിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ആഗസ്റ്റ് 17 (ചിങ്ങം ഒന്ന്) മുതൽ കരയോഗാംഗങ്ങൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും ഉപയോഗിക്കുന്നതിനായി പ്രവർത്തന സജ്ജമാകും. കരയോഗത്തിൽ വിവാഹത്തിനും മറ്റും ഹാൾ ബുക്കു ചെയ്യുന്നവർക്കും, കര യോഗാംഗങ്ങൾക്കും പ്രസ്തുത കെട്ടിടത്തിലെ പത്തൊമ്പത് എ.സി. മുറികൾ മിതമായ നിരക്കിൽ ഉപയോഗിക്കാവുന്നതാണ്. കരയോഗാംഗങ്ങൾക്ക് 35 ശതമാനവും, അതിഥികൾക്ക് 25 ശതമാനവും ആനുകൂല്യം ലഭിക്കും. കൂടാതെ 225 പേർക്കിരിക്കാവുന്ന എ.സി. ഹാളും (T.D.M. Hall-Yamuna), 60 പേർക്ക് ഇരിക്കാവുന്ന ഡൈനിംഗ് ഹാളും (T.D.M. Hall-Nila) അംഗങ്ങൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കും ഉപയോഗിക്കുവാൻ സജ്ജമാക്കിയിട്ടുണ്ട്.

2012 ലെ കരയോഗത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസം, വിവിധ പെൻഷൻ പദ്ധതികൾ, ക്യാൻസർ, ഡയാലിസിസ്, ഹൃദയസംബന്ധമായ അസുഖം എന്നിവയ്ക്കുള്ള മരുന്നും, ധനസഹായവും നൽകുന്നതിന്റെ ഉദ്ഘാടനം ആഗസ്റ്റ് മാസം 11 ാം തീയതി രാവിലെ 9.30 മണിയ്ക്ക് ടി.ഡി.എം. ഹാളിൽ വച്ച് നടത്തുന്നു.

ആഗസ്റ്റ് 15 ാം തീയതി മുതൽ എറണാകുളം കരയോഗത്തിന്റെ ഓണം ഫെയർ ആരംഭിക്കുന്നു. മുൻവർഷങ്ങളിലെപ്പോലെ ഉപ്പേരികൾ, അച്ചാറുകൾ, കൊണ്ടാട്ടങ്ങൾ, പായസം മുതലായവ മിതമായ നിരക്കിൽ ടി.ഡി.എം. ഹാളിലെ സ്റ്റാളിൽ നിന്ന് ലഭിക്കും. ഓണം ഫെയറിൽ നിന്ന് ലഭിക്കുന്ന മിച്ചവരുമാനം മുഴുവൻ കരയോഗത്തിന്റെ ജീവകാരുണ്യസ്ഥിരം ഫണ്ടിൽ നിക്ഷേപിക്കുന്നതാണ്. ഓണം ഫെയറുമായി സഹകരിക്കുന്ന ഓരോരുത്തരും, ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളികളാകും എന്ന് ഓർമ്മിപ്പിക്കട്ടെ.

ആഗസ്റ്റ് 16 ാം തീയതി വൈകീട്ട് 6.30 ന് ബീമും, എറണാകുളം കരയോഗവും സംയുക്തമായി നടത്തുന്ന തിരുവനന്തപുരം അക്ഷരകലയുടെ നാടകം **മതിലേരിക്കന്നി** ടി.ഡി.എം. എ.സി. ഹാളിൽ (ഗംഗ) അവതരിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

*എന്ന്*
**– ജനറൽ സെക്രട്ടറി**



# ഭക്തിയിലെ രസികത്വം

രാവണവധം കഴിഞ്ഞ് ശ്രീരാമൻ പരിവാരസമേതം അയോദ്ധ്യയിലെത്തി. വിധിയാംവണ്ണം പട്ടാഭിഷേകവും നടന്നു. സഹപ്രവർത്തകർക്കും അർഹതപ്പെട്ടവക്കും സ്ഥാനമാനാദികളും സമ്മാനങ്ങളും നല്കി. ശ്രീരാമചന്ദ്രൻ ആദരിച്ചു.

ഹനുമാനെ സീതാദേവി പ്രത്യേകം ബഹുമാനിച്ച് ആദരിച്ച് ഒരു മുത്തുമാല നല്കി, ചിരംജീവിതം ആശംസിച്ചു.

എല്ലാവരും പിരിഞ്ഞു. ശ്രീരാമദേവനും ഭരതലക്ഷ്മണ ശത്രുഘ്നാദികളും ഹനുമാനും മാത്രമായി. ഭരതൻ ഭരണശൈലിയും ഒരോരുത്തരുടെ കൃത്യനിർവ്വഹണ ചുമതലകളും തീരുമാനിച്ചു.

ഹനുമാൻ ചോദിച്ചു. ഭഗവാനേ, ഞാനിനി എന്തുവേണം?

ശ്രീരാമദേവൻ പുഞ്ചിരിച്ചും കൊണ്ടു പറഞ്ഞു. മാരുതേ, നീ എനിക്ക് വേണ്ടി വളരെയധികം കഷ്ടപ്പെട്ടു. ഈ രാമരാജ്യം മുഴുവൻ നിന്റേതാണ്. നിനക്കിവിടെ സുഖമായി കഴിയാം. പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്.

ഹനുമാൻ പറഞ്ഞു. ഭഗവാനേ, അങ്ങനെ പോരാ! എന്നും അങ്ങയോടൊപ്പം കഴിയണം എന്നും അങ്ങയെ കാണണം.

ശ്രീരാമദേവൻ പറഞ്ഞു. സോദരാ, എന്റെ ദൗത്യം കഴിയാറായി. അവതാരോദ്ദേശം ഏറെക്കുറെ കഴിഞ്ഞു. പോകാൻ തയ്യാറെടുക്കുകയാണ്.

ഹനുമാൻ: ഭഗവാനേ, അങ്ങനെ പറഞ്ഞ് വേദനിപ്പിക്കരുത്. എനിക്ക് സദാ സർവ്വദാ അങ്ങയുടെ സാന്നിധ്യം വേണം.

ഇതുകേട്ട ഭരതൻ പറഞ്ഞു. ഹനുമാൻ! സോദരാ! അങ്ങേയ്ക്ക് സീതാദേവി ചിരംജീവത്വം നല്കി കഴിഞ്ഞു. താങ്കൾ അനുഗ്രഹീതനാണ്.

ഒരു കാര്യം ചെയ്യൂ.

ഭഗവാൻ ആലസ്യത്താൽ കോട്ടുവാ ഇടുമ്പോൾ അതുമാറാൻ പാകത്തിൽ വിരൽ ഞൊടിക്കണം. അതിനായി എപ്പോഴും രാമസന്നിധിയിലുണ്ടായിരിക്കണം. ഹാസ്യരൂപത്തിലാണ് ഭരതൻ പറഞ്ഞതെങ്കിലും ഭഗവൽ സാന്നിദ്ധ്യം അംഗീകകരിച്ചു കിട്ടിയ ഹനുമാൻ സന്തുഷ്ടനായി.

ശ്രീരാമദേവൻ വിശ്രമിക്കാനായി മുറിയിലേയ്ക്കു പോയി. പിന്നാലെ ആദരപൂർവ്വം ഹനുമാനും.

ഇതിനിടെ മുറിയിൽ സീതാദേവി കടന്നു വന്നു. ഹനുമാനെ വിശ്രമമുറിയിൽ കണ്ട ദേവി പറഞ്ഞു. മകനേ! ഹനുമാൻ! താങ്കൾ പുറമേ പോയി വിശ്രമിച്ചോളൂ. ഞാൻ കുറച്ചു നേരം ഭഗവാനോട് സംസാരിച്ചോട്ടെ.

മനസ്സില്ലാ മനസ്സോടെ ഹനുമാൻ ഇറങ്ങി നടന്നു.

കുറേനേരം കഴിഞ്ഞപ്പോൾ ഭഗവാൻ ആലസ്യത്തോടെ കോട്ടു വായിട്ടു തുടങ്ങി. മാറുന്നില്ല. സീതാദേവി കാര്യമറിയാതെ പരിഭ്രമിച്ചു. സഹോദരങ്ങൾ ഓടിയെത്തി. ഭരതന് കാര്യം മനസ്സിലായി. ഹനുമാനെ അന്വേഷിച്ചു. ഹനുമാൻ കൊട്ടാരവളപ്പിനപ്പുറത്തെ ഗിരിശൃംഗത്തിൽ രാമനാമം ഉരുവിട്ട് ഞൊടിച്ചും കൊണ്ടിരിക്കുന്നു.

ഭരതലക്ഷ്മണൻമാർ ഹനുമാനെ കണ്ട് സമാശ്വസിപ്പിച്ചു. ഹനുമാൻ സന്തുഷ്ടനായി. ശ്രീരാമദേവൻ സ്വസ്ഥനായി. ●

---

എന്നിങ്ങനെ ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അമ്പലമുറ്റത്തെ ഉത്സവവും കന്നി ക്കൊയ്ത്തും തിരുവാതിരയും മദം പൊട്ടിയ കൊമ്പനാനയും ഓണക്കളിയും സർപ്പക്കാവുകളും തുയിലുണർത്താനെത്തുന്ന കുറവൻമാരും എല്ലാം ഒത്തുചേർന്ന കേരളത്തിന്റെ വർണ്ണശബളിമയാർന്ന ചിത്രം വൈലോപ്പിള്ളിയുടെ കാവ്യപ്രപഞ്ചത്തിലേ ദർശിക്കാനാവൂ. നമ്മുടെ പാരമ്പര്യത്തെ കൈവെടിയാതിരിക്കുക. ഇതാണ് കവിയുടെ മാർഗ്ഗം. കാവ്യസാഹിത്യശാഖയിൽ എന്തൊക്കെ പരിവർത്തനങ്ങൾ വന്നുഭവിച്ചാലും വൈലോപ്പിള്ളിക്കവിത എക്കാലവും സഹൃദയങ്ങളിൽ വിരാജിക്കുക തന്നെ ചെയ്യും. ●


**എറണാകുളം കരയോഗം ഓണംഫെയർ - 2012**

(2012 ആഗസ്റ്റ് 15 മുതൽ ആഗസ്റ്റ് 28 വരെ)

ഓണത്തോടനുബന്ധിച്ച് ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, അച്ചാറുകൾ, പാലട എന്നിവ മിതമായ നിരക്കിൽ ടി.ഡി.എം. ഹാളിൽ ഓണംഫെയർ കൗണ്ടറിൽ നിന്നും 2012 ആഗസ്റ്റ് 15 ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ആഗസ്റ്റ് 28 വൈകുന്നേരം 7 വരെ ലഭിക്കും.

**തിരുവോണ ദിവസത്തേക്കുള്ള ഓണസദ്യ, പാലട, പരിപ്പ് പ്രഥമൻ എന്നിവയ്ക്കുള്ള ബുക്കിംഗ് ആഗസ്റ്റ് 20 രാവിലെ 10 മണി മുതൽ 26 ഞായർ വൈകുന്നേരം 7 മണി വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളു എന്ന് അറിയിച്ചു കൊള്ളുന്നു.**

**എന്ന്**

**ജനറൽ സെക്രട്ടറി**





ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

# വാസ്തു സംബന്ധമായ . . .

## ഗേറ്റ് സ്ഥാപിക്കുമ്പോഴും അൽപം ശ്രദ്ധ

**ഭൂ**മിയുടെ കാന്തികോർജവും സൂര്യോർജവും പഞ്ചഭൂതങ്ങളുടെ പ്രയാണവുമാണ് വാസ്തുശാസ്ത്രത്തിന് അടിസ്ഥാനം. ലോകത്തുള്ള ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ വസ്തുക്കൾക്കും സമാനമാണ് ഈ ശക്തികൾ. ജാതിക്കോ മതത്തിനോ വാസ്തുവിൽ സ്ഥാനമില്ല.പ്രധാന കവാടമായ ഗേറ്റ് വയ്ക്കുമ്പോൾ ഏറെ ശ്രദ്ധിക്കണം. റോഡിന്റെ സ്ഥാനവും ദിക്കുമായി ബന്ധപ്പെട്ടാണ് ഗേറ്റിന്റെ സ്ഥാനം. റോഡ് കിഴക്കുവശത്താണെങ്കിൽ ഗേറ്റ് കിഴക്കു വടക്കാകണം. റോഡ് വടക്കു വശത്താണെങ്കിൽ ഗേറ്റ് വടക്കുകിഴക്ക് ദിക്കിൽ വേണം. റോഡ് തെക്കാണെങ്കിൽ ഗേറ്റ് തെക്കു കിഴക്ക്. റോഡ് പടിഞ്ഞാറണെങ്കിലോ ഗേറ്റ് വടക്കു പടിഞ്ഞാറു ദിക്കിലും. ഈ സ്ഥാനനിർണ്ണയത്തിന് വ്യക്തമായ ചില കാരണങ്ങളുണ്ട്. സൂര്യന്റെ ചുവപ്പു കിരണങ്ങൾ ഉദയനേരത്തും അസ്തമയ നേരത്തും ധാരാളം ലഭിക്കണം. ഈ കിരണങ്ങൾ വടക്കു കിഴക്കേ ദിക്കിലാണ് ഭൂമിയിൽ പതിക്കുന്നത്. കവാടത്തിന്റെ സ്ഥാനം എപ്പോഴും വടക്കു കിഴക്ക് ദിശയോട് സാധ്യമാവും വിധം ചേർന്നിരിക്കണം. ഗേറ്റ് എപ്പോഴും വടക്കു കിഴക്കേമൂലയ്ക്ക് അടുത്താവണം. തെക്കു പടിഞ്ഞാറു ഭാഗത്ത് ഗേറ്റ് പാടില്ല. പകരം മതിൽ കെട്ടി അടയ്ക്കുകയും വേണം. ഗേറ്റ് പോലെ തന്നെ പ്രധാന വാതിൽ വീടിന്റെ നടുവിലോ വടക്കോ കിഴക്കോ ആയിരിക്കണം. ഗേറ്റിനു സമാനമായി നിർമ്മിക്കുന്നതും നല്ലതാണ്. ഗേറ്റെന്നതു പോലെ പ്രധാനവാതിലും തെക്കു പടിഞ്ഞാറു ഭാഗത്ത് പാടില്ല. പണ്ടു കാലത്ത് പ്രധാനവാതിലിന്റെ അതേ ദിശയിൽ തന്നെ മറ്റുവാതിലുകളും പണിയുമായിരുന്നു. പുറത്തുനിന്ന് കടന്നുവരുന്ന കാറ്റ് എല്ലാ മുറിയിലും കടന്നെത്തുമെന്നതിനാൽ ചൂട് ഒരു അളവുവരെ നിയന്ത്രിക്കാനുമാകും. പണവും മറ്റും സൂക്ഷിക്കുന്ന അലമാര ചില പ്രത്യേക ദിക്കിൽ വെച്ചാൽ സമ്പത്തു വർദ്ധിക്കുമെന്ന ഒരു വിശ്വാസം ജനങ്ങളുടെ ഇടയിൽ ഉണ്ട്. ആ വിശ്വാസം തീരെ ശരിയല്ല.അലമാര തെക്കും പടിഞ്ഞാറും ദിക്കിൽ വയ്ക്കുന്നതാണ് നല്ലത്. ഇത് പണം പെരുകാനല്ല. മറിച്ച് കിഴക്കും വടക്കും ദിക്കിൽ പരമാവധി ജനലുകളും വാതിലുകളും പണിയണം. അതിനാൽ അലമാരയുടെ സ്ഥാനം ഇതൊഴികെയുള്ള ദിക്കിലാവണം. എത്ര ശ്രദ്ധിച്ചാലും വീടു നിർമ്മിക്കുമ്പോൾ ചെറിയ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാവും. ഭിത്തിയുടെ നീളം, വീതി കണക്കുകളിൽ വരുന്ന തീരെ ചെറിയ വ്യത്യാസങ്ങൾ ഉണ്ടാവുക സ്വാഭാവികം. പ്ലാൻ തയ്യാറാക്കിയും കുറ്റിയടിച്ചും വീട് പണിയുമ്പോൾ മാർക്കറ്റിൽ ലഭ്യമാകുന്ന ഇഷ്ടികയുടേയും മറ്റും വീതിയിലും നീളത്തിലും ചെറിയ മാറ്റങ്ങൾ വരാം. എത്ര ശ്രദ്ധയോടെ ചെയ്താലും വരുന്ന ഈ ചെറിയ ഏറ്റക്കുറച്ചിലുകൾ വീടിന് ഒരു ദോഷവും ചെയ്യുന്നവയല്ല. പണ്ടു കാലത്ത് വെട്ടുകല്ലു മാത്രം ഭിത്തി കെട്ടാനുപയോഗിച്ചിരുന്നതിനാൽ വ്യാത്യാസങ്ങളുണ്ടായിരുന്നില്ല. കണക്കിൽ തെറ്റിയാലും മുറികളുടെ ദിക്കിലും ക്രമീകരണത്തിലും മാറ്റം വരാതെ ശ്രദ്ധിക്കണം. ●

> അമാനുഷത്വം, ഒരു ശതമാനം ഉൾക്കാഴ്ചയും 99 ശതമാനം വിയർപ്പുമാണ്.
>
> **എഡിസൺ**

വീടുനിർമ്മിക്കാൻ ആഗ്രഹിക്കുന്നവർക്കും നിലവിലുള്ള വീടിന്റെ വാസ്തു പ്രശ്ന പരിഹാരങ്ങൾ അറിയാൻ താർപ്പര്യമുള്ളവർക്കും സൗജന്യ ഉപദേശം നൽകുന്നതിന് കരയോഗം അവസരം ഒരുക്കുന്നു. **2012 സെപ്റ്റംബർ 9 ന് ഞായറാഴ്ച രാവിലെ 9.30 ന്** ഇതു സംബന്ധിച്ച് വാസ്തു വിദഗ്ധൻ ശ്രീ. പരിയാടത്ത് പ്രഭാകരമേനോൻ ടി.ഡി.എം. ഹാളിൽ എത്തുന്നവർക്ക് ഉപദേശം നൽകും. താൽപ്പര്യം ഉള്ളവർ സെപ്റ്റംബർ 8 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പേർ രജിസ്റ്റർ ചെയ്തിരിക്കണം. അവർക്ക് മാത്രമേ കൂടിക്കാഴ്ചയ്ക്ക് അവസരം ഉണ്ടായിരിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് (Ph: 0484-2361160, Extn: 35).

Prabhakara Menon : +91 9447032432, +91 9895951595, E- mail: pariyadathp@gmail.com

# എറണാകുളം കരയോഗം

T.D.M.Hall Complex, Durbar Hall Road, Kochi -682016
Office: 0484 2361160, Fax:0484 - 2369589
e- mail: ekmkgm@gmail.com, Web: www.ernakulamkarayogam.com

## ദർഘാസ് ക്ഷണിക്കുന്നു

എറണാകുളം കരയോഗത്തിന് അടുത്ത ഒരു വർഷം നടക്കുന്ന താഴെ പറയുന്ന ജോലികൾക്ക് ദർഘാസ് ക്ഷണിക്കുന്നു.10.09.2012 മുതൽ 30.09.2012 വരെ ടെണ്ടർ ഫോറം കരയോഗം ഓഫീസിൽ ലഭിക്കുന്നതാണ്. (പുതിയ ജോലികൾക്കും, മെയിൻറനൻസ് ജോലികൾക്കും)ജോലിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.ഈ ജോലികൾ മൊത്തമായോ, തരംതിരിച്ചോ കൊടുക്കുന്നതായിരിക്കും.

Earth work, dismantling work, Removing doors and windows, Masonary work in CC block/ brick, RCC work in foundation, Super structure, PCC work, Reinforcement work, Plastering inside-outside, Cement concrete flooring, flooring with Vitrified / ceramic/ kota stones/ Granite , Skirting /wall tiles, providing & fixing doors, windows, ventilators etc.,Painting work, ceiling work, Water supply, sanitary installations, electrical, Structural Steel works etc.

കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക

എന്ന്

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

## എറണാകുളം കരയോഗം സ്ത്രീകളുടെ കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്നു

അഭ്യസ്തവിദ്യരോ, ജോലി ഇല്ലാത്തവരോ ആയ 15 മുതൽ 20 വരെ അംഗങ്ങളുള്ള നായർ സ്ത്രീകളുടെ സംഘങ്ങൾക്ക് ധനാഗമ മാർഗ്ഗം കണ്ടെത്തുന്നതിന് വേണ്ട എല്ലാ സൗകര്യങ്ങളും എറണാകുളം കരയോഗം ഒരുക്കുന്നു. ഓരോ സംഘത്തിനും അവരവർക്ക് താല്പര്യമുള്ള ഉല്പാദനയൂണിറ്റുകൾ സജ്ജമാക്കാൻ പ്രോജക്ട് റിപ്പോർട്ട് മുതൽ വിപണനം വരെ ബാങ്കുലോൺ ഉൾപ്പടെയുള്ള എല്ലാ കാര്യങ്ങൾക്കും വേണ്ട ഉപദേശവും സഹായവും ലഭ്യമാക്കുന്നു. അങ്ങിനെയുള്ള ഇരുപതോളം യൂണിറ്റുകൾ രൂപീകരിക്കുവാനാണ് തുടക്കത്തിൽ ഉദ്ദേശിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം കരയോഗവുമായി ബന്ധപ്പെടുക.

ഫോൺ: 0484-2361160

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

## ആദരാഞ്ജലി



എൽ/0162
**കെ.ബി.രാജഗോപാലൻ**
കുറ്റിക്കാട്ട് ഹൗസ്,
ചിറ്റൂർ റോഡ്,
കൊച്ചി 682011



എൽ/0426
**സി. മോഹൻദാസ്**
ജി.1, ശ്രീചക്രവില്ലേജ്,
സമൂഹം റോഡ്,
ഗുരുവയൂർ 680101



എൽ/1749
**അപ്പുക്കുട്ടൻ നായർ**
സരോജഭവൻ,
ചെറുപറമ്പത്ത റോഡ്,
കടവന്ത്ര,
കൊച്ചി 682020



എൽ/745
**ഇന്ദുശേഖർ.ആർ**
കേരളമ്യൂസിയം,
പത്തടിപ്പാലം,
ഇടപ്പള്ളി



എൽ/1520
**പാർവ്വതി രാമചന്ദ്രൻ,**
അർച്ചന,
സൗപർണ്ണിക
ഗാർഡൻസ്,
Nr. മിഷൻസ്കൂൾ,
തൃപ്പൂണിത്തുറ 682 301

# ശ്രീ പത്മനാഭസ്വാമി ക്ഷേത്രം



-ശ്രീകണ്ഠൻ നായർ

***ശ്രീ*** പത്മനാഭസ്വാമി ക്ഷേത്രത്തെക്കുറിച്ച് ഒരു ലേഖനം കൊടുക്കണം എന്ന് എന്റെ പ്രിയങ്കരനായ ശ്രീവല്ലഭൻ നായർ സാർ പറഞ്ഞപ്പോൾ പെട്ടെന്ന് അത്ഭുതം ഉളവായി, മാത്രമല്ല അതി വിനയവാനായ നമ്മുടെ പൊന്നു തിരുമേനി ശ്രീചിത്തിര തിരുനാൾ തിരുമനസ്സിനെ കൺമുൻപിൽ കണ്ട പ്രതീതി പെട്ടെന്ന് ഉണ്ടായതിൽ അത്ഭുതപ്പെടാനില്ല. കാരണം എന്റെ കുഞ്ഞുന്നാളിൽ ക്ഷേത്രപരിസരത്ത് രാവിലെ ചെല്ലുമ്പോൾ ക്ഷേത്രത്തിൽ കയറുന്നതിനു മുമ്പ് നമ്മുടെ ആകാംക്ഷ മുഴുവൻ തൊഴുകൈകളോടെ പുഞ്ചിരിച്ചുകൊണ്ട് അനുഗ്രഹ ദൃഷ്ടിയാൽ നമ്മെ വീക്ഷിക്കുന്ന ആ മഹാതേജസിനെ കാണാനായിരുന്നു. എന്റെ ഇളം മനസ്സ് എന്നും അത് ആഗ്രഹിച്ചിരുന്നു.

ഞാൻ മാത്രമല്ല ആ നാട്ടിലെ ഏതൊരു മനുഷ്യനും ആദരവോടെ വണങ്ങുകയും സർവ്വരാലും സ്നേഹ ബഹുമാനം നൽകി ആദരിക്കുകയും ചെയ്തിരുന്ന ആ പൊന്നു തിരുമേനിയെ ഒരു നോക്കു കാണാൻ കൊതിക്കാത്തവരായി ആരും ഉണ്ടായിരുന്നില്ല. ആ ഒരു മഹാതേജസിനെ! വളരെകൃത്യനിഷ്ടയോടെ ശംഖുമുദ്ര വച്ച കാറിൽ വന്നിറങ്ങി തന്റെ കുലദൈവം ആയ ശ്രീ പത്മനാഭനെ തൊഴുത് വിനയാന്വിതനായി പോകുന്നത് കാണുമ്പോൾ തന്നെ നമ്മുടെ മനസിൽ പകുതി നിർവൃതി ആയി കഴിഞ്ഞിരിക്കും. പിന്നെ ആ മഹാക്ഷേത്രത്തിൽ ഒന്നു കയറി നടപ്പന്തലിലൂടെ വലം വെച്ച് ആ ശാന്തതയിൽ ലയിച്ച്, ജപിച്ച്, സർവ ദേവൻമാരേയും ദർശിച്ച് തൊഴുത് ശ്രീകോവിലിന് തൊട്ട് തെക്കു ഭാഗത്ത് നരസിംഹ മൂർത്തിയേയും ദർശിച്ച് തൊഴുത്, ദേവാദി ദേവൻ ആയ അനന്തശായി വിഷ്ണു ഭഗവാനെ മൂന്നു വാതിലിലൂടെ ഒറ്റക്കൽ മണ്ഡപത്തിൽ കയറി ദർശനം ചെയ്ത് തൊഴുത് അവി ടുന്നു കിട്ടുന്ന പ്രത്യേകം തയ്യാറാക്കിയ ചന്ദനം നെറ്റിയിൽ ചാർത്തി, വടക്കേ വാതിലി ലൂടെ പുറത്ത് വന്ന് തിരുവമ്പാടി കൃഷ്ണ സ്വാമി ദർശനം കഴിഞ്ഞ്, ക്ഷേത്രത്തിനു പുറത്തു വരുമ്പോൾ ഏകദേശം ഒരു മണിക്കൂർ നമ്മൾ നിർവൃതിയിൽ ആണ്. മറ്റേതോ ലോക ത്തിൽ ആയിരുന്നു എന്ന തോന്നൽ ഉളവായി പുറത്തു വരുന്ന ഒരു സുഖം ഞാൻ ഓർത്തു പോവുകയാണ്.

ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തെക്കുറിച്ച് പറയുമ്പോൾ അതിന്റെ പൗരാണിക ചരിത്രവും രാജകീയ പാരമ്പര്യവും തമ്മിൽ അഭേദ്യമായ ബന്ധം ഉള്ളതാണ്.

ചരിത്രാതീതകാലം മുതൽ കേരളത്തിൽ നിലനിന്നിരുന്ന സംസ്കാരത്തിന്റെ പാരംപര്യത്തിന്റെയും കൂടിയുള്ള കഥയാണ്. ഭാരതസംസ്ക്കാരത്തിന്റെ ഏടുകൾ ആയ രണ്ട് ഇതിഹാസങ്ങളിൽ ഒന്നായ മഹാഭാരതത്തിലും മറ്റൊരു ഇതിഹാസമായ ഭാഗവതത്തിലും പരശുരാമ ക്ഷേത്രമായ കേരളദേശത്തെക്കുറിച്ചും ഇവിടുത്തെ പുരാണപരമായ സ്യാനന്ദൂരപുരത്തെക്കുറിച്ചും പ്രദിപാദിച്ചിരിക്കുന്നത് ശ്രദ്ധേയം ആണ്. ഭാരതത്തിന്റെ തെക്കുഭാഗത്തുള്ള ചോള, ചേര, പാണ്ഡ്യ രാജവംശത്തെക്കുറിച്ചും പ്രദിപാദിക്കുന്നുണ്ട്.

മറ്റൊരു ഇതിഹാസമായ വാത്മീകി രാമായണത്തിലും ഇത്തരം പ്രതിപാദ്യങ്ങൾ ഇല്ലാതില്ല. ഇത്തരം പ്രതിപാദ്യങ്ങൾ അതി പുരാതനകാലം മുതൽ നിലവിലുണ്ടാ യിരുന്ന കേരളീയ സംസ്കാരവും ഈ ക്ഷേത്രപാരമ്പര്യവും തമ്മിൽ ബന്ധപ്പെ ട്ടിട്ടുള്ളതാ യാണ് കാണിക്കുന്നത്.

കേരളചക്രവർത്തിമാരായി പരശുരാമനാൽ അഭിഷേകം ചെയ്യപ്പെട്ടിരുന്ന തിരുവിതാംകൂർ രാജാക്കൻമാരുടെ ശക്തി അവസാനത്തെ പെരുമാളായിരുന്ന ഭാസ്കര രവിവർമ്മ രാജ്യം ഉപേക്ഷിച്ച് ദൈവീക ചിന്തകളിൽ ലയിക്കുകയും അതിനോടുകൂടി കോഴിക്കോടു സാമൂതിരിയും, കൊച്ചിരാജാവും രണ്ടു മഹാശക്തികളായി തീരുകയും ചെയ്തത്. തിരുവിതാംകൂർ രാജാക്കൻമാരുടെ ശക്തി അക്കാലത്ത് ക്ഷയിക്കയും, സാമന്തരൻമാരും, ഇടപ്രഭുക്കൻമാരും സ്വാതന്ത്ര്യപതാക ഉയർത്തി നാടുവാഴികളായി തീരുകയും ചെയ്തു. ഇതാണ് പുരാതനകാലചരിത്രം, കൊല്ല വർഷം 936 വരെയുള്ളത്.

കേരളചക്രവർത്തി: കേരളസൃഷ്ടിക്കുശേഷം പശുരാമൻ കേരളത്തെ 64 ഗ്രാമങ്ങളായി വിഭജിച്ച് ഗോകർണം മുതൽ കന്യാകുമാരി വരെ നിരവധി ക്ഷേത്രങ്ങൾ പണിയിച്ച് ബ്രാഹ്മണർക്ക് ഇവയുടെ ഉടമസ്ഥാവകാശം നൽകി. സ്യാനന്ദപുരത്ത് വിഷ്ണുക്ഷേത്രം പണിയിച്ച് വിഗ്രഹപ്രതിഷ്ഠ ചെയ്ത ശേഷം ചേരരാജ്യത്തു നിന്ന് സോമക്ഷത്രീയ വംശജനായ ഭാനുവിക്രമൻ എന്ന രാജാവിനെ ക്ഷണിച്ചു വരുത്തി ഈ 64 ഗ്രാമത്തിലേയും ബ്രാഹ്മണരെ കൊണ്ട് ഭാനുവിക്രമനെ പത്മനാഭപുരത്ത് വച്ച് കേരളചക്രവർത്തിയായി അഭിഷേകം ചെയ്യിച്ചു. അതുനിമിത്തം ഈ നാടിന് ചേരളം എന്ന അർത്ഥം ധ്വനിക്കുന്ന കേരളം എന്ന നാമധേയം ലഭിച്ചു. പരശുരാമൻ തന്റെ ഉടവാൾ ഭാനു വിക്രമനു നൽകുകയും രാശി എന്ന നാമധേയത്തിൽ ഒരു പൊൻ നാണയം കേരളക്കരയിലെ നാണയം ആയി പ്രചരിപ്പിക്കാൻ സമ്മാനിക്കയും ചെ യ്തു. അതിനുശേഷം ഭാനുവിക്രമ സഹോദരനെ ഗോകർണത്തെ രാജാവായി പരശുരാമനാൽ വാഴിക്കപ്പെട്ടു.

ഇദ്ദേഹത്തിന്റെ വംശം ആണ് കോലത്തു നാട്ടുരാജവംശം. ഇക്കാരണത്താൽ ആണ് തിരുവിതാംകൂർ രാജവംശത്തിൽ സന്താനങ്ങളില്ലാതെ വന്ന അവസരങ്ങളിൽ തുടർച്ചയായി കോലത്തുനാട് രാജവംശത്തിൽ നിന്ന് ദത്തെടുക്കാൻ കാരണം എന്ന് അവിടുത്തെ രേഖകളിൽ കാണുന്നു.

ഭാനുവിക്രമ ചക്രവർത്തിയുടെ വംശജൻമാർ കേരളം ഒട്ടുക്ക് പല പല സ്ഥലങ്ങളും തലസ്ഥാനം ആക്കി

കൊണ്ട് നാടു വാണിരുന്നു. എന്നാൽ അവരുടെ പ്രധാന തലസ്ഥാനം പത്മാനാഭപുരം തന്നെ ആയിരുന്നു. കലിയുഗം 10-ാം നൂറ്റാണ്ടു വരെ ഭാനുവിക്രമ വംശത്തിലെ 48 രാജാക്കൻമാർ കേരളം ഭരിച്ചിരുന്നതായി പല രേഖകളും ഉണ്ട്.

കലിവർഷം 1860-ാം മാണ്ടിനു ശേഷം കുലശേഖര ആൾവാർ എന്നൊരു രാജാവ് കേരളം ഭരിച്ചിരുന്നതായി രേഖകൾ ഉണ്ട്. വലിയ കവിയും വിഷ്ണു ഭക്തനും ആയിരുന്ന അദ്ദേഹം ഇരണിയേൽ കൊട്ടാരത്തിൽ വച്ച് സമാധിയടഞ്ഞു.

കൂടാതെ കലിവർഷം 3412 ൽ വീരകേരളവർമ്മ കുലശേഖര പെരുമാളായി കേരളചക്രവർത്തിയായി കിരീടധാരണം ചെയ്തപ്പോൾ ആ മഹോത്സവത്തിൽ അക്കാലത്തെ പെരുമാൾ കൂടി സന്നിഹിതനായിരുന്നു. അതിനാൽ ഭാനുവിക്രമവംശം നശിച്ചിട്ടില്ലെന്നു തെളിയുന്നു. ഇവരുടെ ശക്തി കുറഞ്ഞിരുന്നു. അശക്തൻമാരായ രാജാക്കൻമാരുടെ കാലത്ത് ചേരവംശ രാജാക്കൻമാരെ ഭരണത്തിൽ കൊണ്ടുവന്നിട്ടുണ്ടെന്നുമാത്രം.

വീരകേരളവർമ്മ ഹിരണ്യഗർഭം, തുലാപുരുഷദാനം മുതലായ വൈദിക ചടങ്ങുകൾ നടത്തിയാണ് കിരീടധാരണം ചെയ്തത്. വീരകേരളപുരം എന്ന പേരിലായിരുന്നു തലസ്ഥാനം അറിയപ്പെട്ടിരുന്നത്. പല അശക്തൻമാരായ രാജാക്കൻമാരും, അതിനുശേഷം ഭരിച്ചിരുന്നതിനാൽ ഏകദേശം 350 വർഷം തിരുവിതാംകൂർ ഭരിച്ചിരുന്ന രാജാക്കൻമാരെക്കുറിച്ച് രേഖകളില്ല.

എന്നാൽ കലിവർഷം 3831 മാണ്ടിടക്ക് വീരമാർത്താണ്ഡവർമ്മ എന്നൊരു മഹാരാജാവും, 3902-ാ മാണ്ട് ഉദയ മാർത്താണ്ഡവർമ്മ എന്നൊരു മഹാരാജാവും, തിരുവിതാംകൂർ ഭരിച്ചി രുന്നു. ഇവരുടെ അധികാരം കേരളം ഒട്ടുക്ക് വ്യാപിച്ചിരുന്നു.

ഈ ഉദയ മാർത്താണ്ഡവർമ്മയുടെ കാലത്ത് ക്രിസ്താബ്ദം 825 ാംമാണ്ട് (കലിവർഷം 3926ൽ) ആഗസ്റ്റ് മാസം 15 ാം തീയ്യതി അദ്ദേഹം മലയാള വർഷം എന്ന പുതിയ പ്രസ്ഥാനം ആരംഭിച്ചു. ഇതാണ് നമ്മുടെ കൊല്ലവർഷം. ഇത് കൊല്ലത്തുവച്ച് തുടങ്ങിയതിനാൽ കൊല്ലവർഷം എന്നു പറഞ്ഞു തുടങ്ങി എന്നു മാത്രം.

**അന്നത്തെകേരളം:** ഉദയമാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ക്രിസ്താബ്ദം 825 ൽ തിരുവനന്തപുരത്ത് ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ഭരണകാര്യങ്ങളെക്കുറിച്ച് ഇദ്ദേഹം ബ്രാഹ്മണരേയും, സാമന്തൻമാരേയും, പ്രഭുക്കൻമാരായ പിള്ളമാരേയും വരുത്തി ചില വ്യവസ്ഥകൾ ചെയ്തതായി രേഖകൾ ഉണ്ട്. അതിനുശേഷം കൊല്ലവർഷം 225 ാം മാണ്ട് അന്നത്തെ മഹാരാജാവ് തിരുവനന്തപുരത്ത് എഴുന്നള്ളി ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണത്തെ സംബന്ധിച്ച് ചില പുതിയ വ്യവസ്ഥ കൂടി ചെയ്തു.

ഇതനുസരിച്ച് ക്ഷേത്രസംബന്ധമായ സകലഭരണാധികാരങ്ങളും ജൻമിമാരായ എട്ടു പോറ്റിമാർക്കായി വിട്ടുകൊടുത്തു. മഹാരാജാവിന് യാതൊരധികാരവും ഇല്ലെന്നു തന്നെ ആയിരുന്നു ഈ വ്യവസ്ഥകളുടെ ചുരുക്കം. ഈ സഭയിൽ രാജാവിന് അര അംഗത്തിന്റെ സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. ആയതിനാൽ ഈ സമിതിയെ എട്ടരയോഗം എന്ന് അറിയപ്പെട്ടിരുന്നു.

ഇതിനെ തുടർന്ന് ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അനവധി സ്വത്തുകളും വ്യവസ്ഥയനുസരിച്ച് എട്ടു പോറ്റിമാരുടേയും കൈവശത്തായി തീർന്നു. ഇവരുടെ കാര്യസ്ഥൻമാരായി അതിശക്തൻമാരായ എട്ടു പ്രഭുക്കൻമാരും ഈ പ്രഭുക്കൻമാർ കരനാഥൻമാരും സൈനികബലം ഉള്ളവരും ആയിരുന്നു. ഇവർക്ക് സൈനിക ബലവും ധനവും നാൾക്കുനാൾ വർദ്ധിച്ചു വന്നു. ആ നാട്ടിലെ കരം പിരിക്കുന്നതും ഇവരുടെ അധീനതയി ലായിരുന്നു. ഇവരെ എട്ടുവീട്ടിൽ പിള്ളമാർ എന്നറിയപ്പെട്ടിരുന്നു.

കൊല്ലവർഷം 5 ാം (510 ൽ) നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ ആദിത്യ വർമ്മ എന്നൊരു അതിസമർത്ഥനും പരാക്രമശാലിയും ആയ രാജാവ് വൈക്കം വരെയുള്ള സ്ഥലം അധികാരത്തിൽ വച്ചിരുന്നു.

അതിനുശേഷം ശ്രീവീരമാർത്താണ്ഡവർമ്മ കൊല്ലവർഷം 5 ാം മാണ്ടിൽ തിരുവിതാംകൂർ മഹാരാജാവായി. ഇദ്ദേഹം ശ്രീപത്മനാഭസ്വാമിക്ഷേത്രം അഴിച്ചു പണിയിക്കുകയും തിരുവനന്തപുരത്ത് ഒരു കോട്ട കെട്ടിക്കുകയും ചെയ്തു. ഇദ്ദേഹം 40 വർഷം അഭിവൃദ്ധിയോടുകൂടി രാജ്യം ഭരിച്ചിരുന്നു. 550 നു ശേഷം 17 രാജാക്കൻമാർ തിരുവിതാംകൂർ ഭരിച്ചിരുന്നെങ്കിലും അവരുടെ ഭരണത്തെക്കുറിച്ച് ശരിയായ വിവരം ഒന്നും തന്നെ ഇല്ല.

പരശുരാമനാൽ സ്ഥാപിതമായിരുന്ന ക്ഷേത്രങ്ങൾ ഭരിക്കുന്നതിന് സോമക്ഷത്രീയ വംശത്തിൽപ്പെട്ട കുറച്ചു പേരെ കോവിലധികാരികൾ എന്ന സ്ഥാനത്തോടെ ഏർപ്പെടുത്തി യിരുന്നു. ക്ഷേത്ര ഭരണത്തിലും മുതലെടുപ്പിലും ഇവരെ സഹായിക്കാൻ പ്രബലരായ അനവധി കാര്യസ്ഥൻമാർ ഉണ്ടായിരുന്നു. കരനാഥൻമാരായി രുന്നതുകൊണ്ട് ആയുധാഭ്യാസം ചെയ്തിട്ടുള്ള സൈന്യങ്ങൾ എപ്പോഴും അവരുടെ വരുതിയിൽ ഉണ്ടായിരുന്നു.

ഇവരെല്ലാം തന്നെ കേരള രാജാക്കൻമാരുടെ കീഴിൽ ആയിരുന്നു. ഫലഭൂയിഷ്ഠമായ കേരളം എന്നും അന്യദേശക്കാരുടെ ആക്രമണം നേരിടേണ്ടി വന്നിട്ടുണ്ട്. ആയതിനാൽ ഓരോ കരയിലും കളരികൾ സ്ഥാപിച്ചിരുന്നു. വാൾ, പരിച, കുന്തം ഇവ കൊണ്ട് യുദ്ധം ചെയ്യുന്നതിനും, അടി, തട, ഗുസ്തി മുതലായ അഭ്യാസങ്ങൾ നടത്തുന്നതിനും ഈ കളരികളിൽ പരിശീലനം നൽകിയിരുന്നു. കളരിനാഥൻമാർ കരപ്രമാണിമാർ, ക്രമേണ മാടമ്പി, കർത്താവ്, കൈമൾ, പണിക്കർ, എന്നീ സ്ഥാനക്കാർക്കും കരമൊഴിവായി ഭൂമി രാജാക്കൻമാർ കൽപിച്ച് കൊടുത്തിരുന്നു. ഇവർ ധനികരും പ്രതാപികളും ആയിരുന്നു. കാലാന്തരത്തിൽ രാജാക്കൻമാർ ക്ഷയിച്ചതോടുകൂടി ഇവർ കേരളത്തിലെ അധിപൻമാർ ആയിത്തീർന്നു.

അന്നത്തെ കേരളീയരുമായി പാശ്ചാത്യ രാജ്യക്കാരും ചൈനക്കാരും ധാരാളം കച്ചവടം നടത്തിയിരുന്നു. അക്കാലത്തെ പ്രധാന കച്ചവടസ്ഥലങ്ങൾ, വിഴിഞ്ഞം, കൊല്ലം, പുറക്കാട്, കോഴിക്കോട് മുതലായ കടലോര പ്രദേശങ്ങൾ ആയിരുന്നു.

കേരളത്തിൽ ആദ്യമായി കച്ചവടത്തിനു വന്നെത്തിയത് ഫിനിഷ്യക്കാരും, ഗ്രീക്കുകാരും ആയിരുന്നു. ഇതിനു ശേഷം ചൈനക്കാരും അറബികളും അനവധിനാൾ കേരളീയരുമായി കച്ചവടം നടത്തിയിട്ടുണ്ട്. ഇവർ എല്ലാ പേരും തന്നെ കേരളത്തെ സ്തുതിച്ചിട്ടുണ്ട്.

*(തുടരും)*

# അറുപതു തികഞ്ഞ ഇന്ത്യൻ പാർലമെന്റ്

പ്രൊഫ. വി.പി.ജി. മാരാർ

*(തുടർച്ച)*

**ദൗ**ർഭാഗ്യവശാൽ ഇന്നുള്ള സാമാജികരുടെ പലരുടേയും മുഖമുദ്ര അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും മാത്രമാണ്. പലരുടേയും പൂർവ്വചരിത്രം നമ്മിൽ ഞെട്ടൽ ഉളവാക്കുന്നു. പലരും മാഫിയ ബന്ധമുള്ളവരും വിവിധയിനം കുറ്റകൃത്യങ്ങളിൽ പെട്ടവരുമാണ്. ഇതു തടയുവാനോ നിയന്ത്രിക്കുവാനോ നമുക്കു കഴിയുന്നില്ല. അടുത്ത കാലത്തായി പുറത്തു വന്നിട്ടുള്ള അഴിമതിക്കഥകൾ നടുക്കമുണ്ടാക്കുന്നവയാണ്. അഴിമതിക്കെതിരായി ഫലപ്രദമായ ഒരു നിയമം കൊണ്ടുവരാൻ കഴിഞ്ഞ നാൽപതിലേറെ വർഷങ്ങൾ ശ്രമിച്ചിട്ടും നമുക്കു സാധിച്ചിട്ടില്ല. ഇപ്പോഴും അതിനുള്ള സാദ്ധ്യത വളരെ അകലെയാണ്. അധികാരം വഴിതെറ്റുമ്പോൾ അതു തടയുവാനുള്ള ശക്തി ജനങ്ങൾക്കുണ്ടെങ്കിലേ ജനാധിപത്യം നിലനിൽക്കൂ. ജനങ്ങൾ എന്ന് അതിനുള്ള ശക്തി സംഭരിക്കുന്നോ അന്നു മാത്രമേ രാഷ്ട്രീയ രംഗത്ത് മൂല്യച്യുതിക്ക് പരിഹാരമുണ്ടാകുകയുള്ളു എന്ന് ഗാന്ധിജി പറയുകയുണ്ടായി.

1977 ലെ തിരഞ്ഞെടുപ്പോടെ ഒറ്റ പാർട്ടിയുടെ ഭരണം ഇവിടെ അവസാനിച്ചു. വ്യത്യസ്ത താൽപര്യങ്ങളുള്ള പ്രദേശിക പാർട്ടികളെ കൂട്ടിയുള്ള ഭരണം കൂടുതൽ അധഃപ്പതനത്തിനിടയാക്കി. പല പാർട്ടികളുടേയും നിലപാട് അവസരവാദപരവും, താൽപര്യങ്ങൾ പ്രാദേശികവും മതപരവും ജാതീയവും സ്വാർത്ഥപരവും ഒക്കെ ആയിത്തന്നെ ഇന്നു നിലനിൽക്കുന്നു. ആശയപരമായി യോജിപ്പില്ലാത്തവർ പോലും അധികാരമോഹത്താൽ കൂട്ടുചേർന്ന് കസേര പങ്കിടുകയും സമ്മർദ്ദതന്ത്രങ്ങൾ പ്രയോഗിച്ച് തങ്ങളുടെ വിഭാഗത്തിന്റെ കാര്യങ്ങൾ നേടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ദിരാഗാന്ധിയുടെ മരണത്തിനുശേഷം 1984 ൽ നടന്ന തിരഞ്ഞെടുപ്പിൽ സഹതാപ തരംഗം കൂടി വന്നതിനാലാകാം കോൺഗ്രസ്സിന് പാർലമെന്റിൽ ഇന്നുവരെ ലഭിച്ചിട്ടുള്ള തിൽ ഏറ്റവും വലിയ ഭൂരിപക്ഷം (417) ലഭിക്കുകയുണ്ടായി. വളരെയേറെ നല്ല കാര്യങ്ങൾക്ക് തുടക്കം കുറിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. എന്നാൽ പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ (1989) കോൺഗ്രസ്സിന് അതി ദയനീയമായ തോൽവി ഏറ്റുവാങ്ങേണ്ടതായി വന്നു. സംസ്ഥാനങ്ങളോട് (പ്രത്യേകിച്ചും കോൺഗ്രസ്സിതര സർക്കാരുകളോട്) ഉള്ള കേന്ദ്രനയം, അനാവശ്യ കാര്യങ്ങളി ലുള്ള ശക്തമായ ഇടപെടൽ, പാർട്ടി യിലെ ഉൾപാർട്ടി ജനാധിപത്യത്തിന്റെ അഭാവം, പാർട്ടി നേതൃത്വത്തിന്റെ സ്വേച്ഛാപരമായ നടപടികൾ എന്നിവ യെല്ലാമായിരുന്നു ഇതിനു കാരണം. ജന ങ്ങൾക്ക് ഒറ്റപ്പാർട്ടിയിലുള്ള വിശ്വാസം പൂർണ്ണമായി നഷ്ടപ്പെടുവാനും ഇതിട യാക്കി. ഭാവിയിൽ പ്രാദേശികകക്ഷി കളുടെ സഹകരണമില്ലാതെ ഒരു ഭരണം ഇവിടെ ഉണ്ടാകുവാനുള്ള സാദ്ധ്യതയും വിരളമാണ്. പ്രധാനപ്പെട്ട എല്ലാ പാർട്ടി കളും ഉൾക്കൊള്ളുന്ന ഒരു ദേശീയ ഗവൺമെന്റ് ഉണ്ടാ യാലേ ഇവിടെ ശരിയായ ഭരണം നില നിൽക്കൂ. അതിന് രാജ്യത്തിന്റെ താൽ പര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനും മാത്രം പ്രാധാന്യം നൽകികൊണ്ട് ഭരിക്കാൻ കഴിവുള്ള നേതാക്കളെ പാർട്ടികൾ വളർത്തിയെടുക്കേണ്ടതുണ്ട്. വ്യക്തിത്വമുള്ള നേതാക്കളുടെ അഭാവം പാർട്ടികൾ വിഘടിക്കുന്നതിനും സ്വാർത്ഥ താൽപര്യങ്ങളുടെ പേരിൽ താൽക്കാലിക ലാഭം മുന്നിൽക്കണ്ട് അംഗങ്ങളും സാമാജികരും പാർട്ടി വിട്ടു പോകുന്നതിനും കാരണമാകുന്നു. ഓരേ ദിവസം ഒരു സാമാജികൻ രണ്ടു പ്രാവശ്യം കൂറു മാറി ആയാറാം, ഗയാറാം എന്ന ശൈലി രൂപം കൊണ്ടതും നമ്മുടെ രാജ്യത്താണ്. തൽഫലമായി സ്ഥിരതയില്ലാത്ത സർക്കാരും തുടർച്ചയായ തിരഞ്ഞെടുപ്പും ഇവിടെ അരങ്ങേറി. പത്തുവർഷത്തിനുള്ളിൽ അഞ്ചു സർക്കാരുകളും അധികാരത്തിൽ വന്നു(1989–1999). 1985 ൽ നിലവിൽ വന്ന കൂറുമാറ്റ നിരോധനനിയമം, മൊത്തം അംഗങ്ങളുടെ മൂന്നിൽ ഒന്ന് കൂറുമാറി യാൽ ഫലിക്കില്ല എന്നതിനാലും വ്യക്തിത്വമുള്ള അംഗങ്ങൾക്ക് തികച്ചും ന്യായമായ അഭിപ്രായം തുറന്നു പറയുവാൻ തടസ്സം സൃഷ്ടിക്കുന്നതി നാലും വിജയപ്രദമായിരുന്നു എന്നു പറയാൻ പറ്റില്ല.

ജനാധിപത്യ വ്യവസ്ഥിതിയിലെ അനിവാര്യ ഘടകമാണ് രാഷ്ട്രീയ പാർട്ടികൾ. ചില രാജ്യങ്ങളിൽ ഉള്ളതുപോലെ ഏക പാർട്ടി സംവിധാനമോ രാഷ്ട്രീയ പാർട്ടികളെ നിരോധിച്ചിട്ടുള്ള രാജ്യമോ അല്ല ഇന്ത്യ. കേന്ദ്രവും പല സംസ്ഥാനങ്ങളും ഭരിക്കുന്നത് പല പാർട്ടികളും ചേർന്നാണ്. ബ്രിട്ടനിലേതുപോലെ ചിട്ടയായി രൂപികരിക്കപ്പെട്ട ഒരു കക്ഷി രാഷ്ട്രീയ സമ്പ്രദായം അല്ല നമ്മുടേത് അമേരിക്കയിലുള്ളതുപോലെ അയഞ്ഞതും അല്ല. എന്നാൽ ബ്രിട്ടനിലും അമേരിക്കയിലും ചില യൂറോപ്യൻ രാജ്യങ്ങളിലും ഔദ്യോഗിക പാർട്ടി അംഗത്വം കുറഞ്ഞുവരുമ്പോൾ ഇവിടെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളിലെല്ലാം അംഗത്വം കൂടി വരുന്നതായാണ് നാം കാണുന്നത്. രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കുവാൻ ഇത് ഉതകും എന്ന കണ്ടെത്തലാണിതിന്റെ കാരണം. ഈ കച്ചവട മനസ്ഥിതി മാറേണ്ടിയിരിക്കുന്നു. കഴിവും പ്രാഗൽഭ്യവും വിദ്യാഭ്യാസവും ഉള്ളവരെ പാർട്ടിയി ലേക്കും നേതൃത്വത്തിലേക്കും കൊണ്ടു വരുവാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറാകണം. പാർട്ടിക്കുള്ളിലെ കുടുംബകൂട്ടായ്മകളും ബന്ധുത്വ ഭരണവും നിരുത്സാഹപ്പെടുത്തേണ്ട തുണ്ട്. കറകളഞ്ഞ വ്യക്തിത്വമുള്ളവർ നേതൃത്വത്തിലേക്ക് വന്നാലേ ആരോഗ്യ കരമായ കക്ഷി രാഷ്ട്രീയ സംവിധാനം ഉണ്ടാവുകയുള്ളു.

ഇന്ത്യൻ ജനാധിപത്യത്തെ ക്കുറിച്ചു പറയുമ്പോൾ എടുത്തു പറയേണ്ട ഒന്ന് സംസ്ഥാനങ്ങളിലെ ഗവർണ്ണർമാരെ തെരഞ്ഞെടുക്കുന്ന രീതിയാണ് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ആദ്യം

പരിഗണിച്ചത്. എന്നാൽ ഇത് സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്നതിനാൽ കേന്ദ്രവുമായുള്ള ശരിയായ ബന്ധം നില നിർത്താൻ തടസ്സ മായേക്കുമോ എന്ന ആശങ്ക വന്നതു മൂലമാണ് കേന്ദ്രം നിയമിക്കുന്ന (പ്രസിഡന്റ് നിയമിക്കുന്ന) വ്യക്തിയെ ഗവർണ്ണർ ആക്കുന്ന രീതി നാം സ്വീകരിച്ചത്. എങ്ങനെ ആയാലും പല ഗവർണ്ണർമാരുടേയും പെരുമാറ്റം വലിയ വിമർശനങ്ങൾക്കിട നൽകിയി ട്ടുണ്ട്. കേന്ദ്രവും സംസ്ഥാനവും വ്യത്യ സ്ത കക്ഷികൾ ഭരിക്കുമ്പോൾ കേന്ദ്രം നിയമിക്കുന്ന വ്യക്തി,അതും ഭരിക്കുന്ന കക്ഷിയുടെ മുൻ പ്രവർത്തകർ,ഗവർണ്ണർ സ്ഥാനത്തു വരുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകുക സ്വാഭാവികം മാത്രമാണ്. സംസ്ഥാനത്തിന്റെ താൽപര്യത്തിനുപരി കേന്ദ്രത്തിന്റെ ഇഷ്ടം നടപ്പിലാക്കു വാനാണ് ഗവർണ്ണർമാർ കൂടുതലും വ്യഗ്രത കാണിച്ചിട്ടുള്ളത്. ഭരണഘടന യിലെ 356 ാം വകുപ്പിന്റെ മറവിൽ, 1951 ൽ ആണ് ആദ്യമായി പഞ്ചാബിൽ ഗവർണ്ണർ ഭരണം നിലവിൽ വന്നത്. തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന നിയമ സഭകളെ, ഭരണകക്ഷിക്ക് ഭൂരിപക്ഷം ഉണ്ടായിരുന്നിട്ടുകൂടി ഗവർണ്ണറുടെ ഉപദേശ പ്രകാരം പിരിച്ചു വിട്ട പല സംഭവങ്ങളും നടക്കുകയുണ്ടായി. 2008 വരെ 67 നിയമസഭകൾ പിരിച്ചുവിട്ട് ഗവർണ്ണർ ഭരണം നടപ്പിലാക്കുക യുണ്ടായി. 1966-1977 കാലഘട്ടത്തിൽ മാത്രം 39 സംസ്ഥാന നിയമസഭകൾ പിരിച്ചു വിടുകയുണ്ടായി. ഇത് പാർലമെന്ററി ജനാധിപത്യത്തിന് സംഭവിച്ച കളങ്കം തന്നെയാണ്. S.R. Bommai Vs Union of India കേസിൽ സുപ്രിം കോടതിയിൽ നിന്നും ചില മാർഗ്ഗനിർദ്ദേശങ്ങൾ വന്നതിനുശേഷം മാത്രമാണ് ഈ പ്രവണത കുറഞ്ഞത്. അതുകൊണ്ട് ഗവർണ്ണർമാരെ തിരഞ്ഞെ ടുക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

സ്വാതന്ത്ര്യം ലഭിച്ച് 65 വർഷം ആയിട്ടും ലക്ഷ്യങ്ങൾ നേടുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു. ഭരണഘടനാ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനും നിയമ വ്യവസ്ഥ നടപ്പിലാക്കാനും അഴിമതിയും അക്രമവും അവസാനിപ്പിക്കുവാനും സാധിക്കാത്തത് നമ്മുടെ പരാജയമാണ്. ജാതിമത സാഹോദര്യം നിലനിർത്തി,ജനാധിപത്യ ശക്തികളെ ഒരുമിപ്പിച്ചുകൊണ്ട് എങ്ങനെ സാമ്പത്തിക പുരോഗതി നേടാം എന്നതാണ് മുഖ്യപ്രശ്നം. ദാരിദ്ര്യവും നിരക്ഷരതയും അറിവില്ലായ്മയും ജനാധിപത്യത്തിന് വെല്ലു വിളിയായി മുന്നിൽ നിൽക്കുന്നു. പ്രായപൂർത്തി വോട്ടവകാശം നൽകി രാഷ്ട്രീയ സമത്വം സ്ഥാപിച്ചതുകൊണ്ടു മാത്രം പോരാ സാമ്പത്തികവും സാമൂഹ്യവുമായ ജനാധിപത്യവും ഉണ്ടാകേണ്ടിയിരിക്കുന്നു. ●

# വാർധക്യം തളർത്തിയില്ല മാലതി മേനോൻ ഇടയ്ക്കയും കൊട്ടി

വാർധക്യം തളർത്താത്ത കൈയ്യാൽ ഇടയ്ക്കയിൽ താളവിസ്മയം തീർത്തുള്ള മാലതി ജി.മേനോന്റെ അരങ്ങേറ്റം ഉത്സവനഗരിക്ക് വിസ്മയമായി. കൊച്ചി രവിപുരം മേനോൻ ചേംബേഴ്സിൽ ഗോവിന്ദൻകുട്ടി മേനോന്റെ ഭാര്യയും തിരുവാതിര കലാകാരിയുമായ മാലതി ജി. മേനോനാണ് 76 ാം വയസ്സിൽ ഇടയ്ക്കയിൽ അരങ്ങേറിയത്. ഇടയ്ക്ക വിദ്വാനായ തൃപ്പൂണിത്തുറ കൃഷ്ണദാസിന്റെ കീഴിലായിരുന്നു പഠനം.

ക്ഷേത്രമുറ്റത്തിനു പകരം തന്റെ ഗുരുനാഥനായ കൃഷ്ണദാസിന്റെ തൃപ്പൂണിത്തുറയിലെ വീട്ടുമുറ്റത്തായിരുന്നു അരങ്ങേറ്റം. തിരുവാതിരക്കളിയുടെ തനിമ ചോർന്നു പോകാതെ പുതിയ തലമുറയ്ക്ക് പകർന്നു നൽകുന്ന മാലതി.ജി.മേനോന്റെ ചിരകാലാഭിലാഷമായിരുന്നു ഇടയ്ക്കപഠനം. ശിഷ്യകളുടെ തിരുവാതിരക്കളിക്ക് ഇടയ്ക്ക കൊട്ടാൻ മറ്റൊരാളെ ആശ്രയിക്കരുതെന്ന മോഹമാണ് ഇടയ്ക്ക പഠിക്കാൻ പ്രേരിപ്പിച്ചത്.

മൂന്നു വർഷമായി രവിപുരത്തെ വീട്ടിൽനിന്നു തൃപ്പൂണിത്തുറ യിലെത്തിയായിരുന്നു പഠനം. എല്ലാ ആഴ്ചയിലും കൃത്യമായി ക്ലാസ്സിലെത്തുന്ന മാലതി ടീച്ചറുടെ താൽപര്യം പലപ്പോഴും തന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ടെന്ന് കൃഷ്ണദാസ് പറഞ്ഞു.

രവിപുരത്ത് പാർവണേന്ദു സ്കൂൾ എന്ന പേരിൽ ഒരു തിരുവാതിര പഠന കേന്ദ്രവും ഇവർ നടത്തുന്നുണ്ട്. 30 കുട്ടികൾ പഠിക്കുന്നുണ്ട്. തിരുവാതിരയിൽ ചരടു പിന്നികൊണ്ട് കളിക്കുകയും പിന്നീടത് അഴിക്കുകയും ചെയ്യുന്ന രീതിയും ഇവർ ആവിഷ്കരിച്ചിട്ടുണ്ട്. കലാമണ്ഡലം ഗോപിനാഥിന്റെ കീഴിൽ കഥകളി അഭ്യസിച്ച് 2010 ൽ മാലതി. ജി.മേനോൻ അരങ്ങേറിയിരുന്നു. നിരവധി റേഡിയോ നാടകങ്ങൾക്ക് ശബ്ദം നൽകിയതിനു പുറമേ മൂന്നു ചലച്ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.




**മാലതി ജി.മേനോൻ**

ഇതിൽ ചെക്കനും പെണ്ണും, മൊബൈൽ നമ്പർ എന്നീ ചിത്രങ്ങൾ ഉടനെ റിലീസാവും. നിരവധി പുരസ്കാരങ്ങളും തേടിയെത്തിയിട്ടുണ്ട്. 2006ലെ ഫോക് ലോർ അക്കാദമിയുടെ അവാർഡ്, സംഗീത അക്കാദമിയുടെ ഗുരുപൂജ അവാർഡ് എന്നിവയാണ് ഇതിൽ പ്രധാനം.

# താളച്ചേലുകൾ

പുലരിപ്പൂവിൻ പുഞ്ചിരിതന്നിൽ
പുത്തൻ പുതുസ്വപ്നങ്ങൾ
ഉദയദിവാകരനുണരും നേരം
ഉഷസ്സിൽ വെള്ളിത്താലം
താലം നിറയെ താപസകന്യകൾ
തീർക്കും തോരണമാല്യം
എഴുതിരിയിട്ട വിളക്കിന്നൊളിയാൽ
കതിരിടും ആമ്പൽക്കുലകൾ
അന്തിച്ചോപ്പിൻ ചുണ്ടിൽ ചാന്തും
ചെങ്കദളിച്ചേലും
അത്തിമരത്തിൻ കൊമ്പത്തായൊരു
പൊന്നൂഞ്ഞാൽ പടിയും
ആകാശച്ചെരു വീഥിയിലാകേ
താരമനോഹരജാലം
ചാറിത്തൂകും മഴമുകിലുകളാൽ
മായക്കാവടിയാട്ടം;
തീരം തേടും തിരകളിലലിവിൻ
തീർത്ഥോദക സാരം.
പകലിൻ വെയിലിൽ
മുക്കിയുണക്കിയ
പഴകിയ കമ്പളവും,
രാവിന്റിരുളിൽ ചീകി മിനുക്കിയ
രാസ്വപ്നച്ചിമിഴും,
അന്തി പരക്കും നേരത്തമ്പിളി
നിന്നരുളും പ്രഭയും
നീന്തിത്തോർത്തി,യലക്കി
മിനുക്കിയ ചേലച്ചുരുളുകളും
